(ബി) പ്രസ്തുത തുക ഈടാക്കികഴിഞ്ഞതിനുശേഷവും ഗാർഹിക ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടക ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വാടക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പഴയ മീറ്ററിന് പകരം, പുതിയ മീറ്റർ സ്ഥാപിച്ചുകഴിഞ്ഞതിന് ശേഷം മീറ്റർ വാടക ഈടാക്കുകയും വാടക ഇനത്തിൽ മീറ്ററിന്റെ വിലയും പലിശയും ബോർഡിന് ലഭ്യമായശേഷവും മീറ്റർ വാടക ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താവിന് നൽകുന്ന മീറ്ററിന് എന്ത് വിലയാണ് ബോർഡ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ നൽകുമ്പോൾ മീറ്ററിന്റെ വില ഈടാക്കാറില്ല.

(ബി) വൈദ്യുതി ബോർഡ് വൈദ്യുതി കണക്ഷൻ നൽകുന്നതിന് മീറ്ററിന്റെ വില ഈടാക്കാറില്ല.

(സി) ഇലക്ട്രിസിറ്റി നിയമം 2003, ഖണ്ഡിക 45(3)(ബി) പ്രകാരവും ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2005 ഖണ്ഡിക 13(6) പ്രകാരവും മീറ്റർ വാടക വാങ്ങുന്നത് അനുവദനീയമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കുകളാണ് മീറ്റൽ വാടകയിനത്തിൽ ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. വൈദ്യുതി ബോർഡ് ഉപഭോക്താക്കകളിൽ നിന്നും ഈടാക്കുന്നത് വാടകയാണ്. മറിച്ച് മീറ്ററിന്റെ വിലയുടെ അംശമല്ല. മീറ്ററിന് സ്വമേധയാ തകരാർ സംഭവിച്ചാൽ ബോർഡ് സ്വന്തം ചെലവിൽ മീറ്റർ മാറ്റി സ്ഥാപിക്കാറുണ്ട്. ഉപഭോക്താക്കൾക്ക് സ്വന്തം ചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കുവാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം സ്വന്തം ചെലവിൽ സ്ഥാപിക്കുന്ന മീറ്ററുകൾക്ക് വാടക ഈടാക്കുന്നതല്ല. ആയതിനാൽ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് വാടക ഈടാക്കുന്നത് ഇലക്ട്രിസിറ്റി നിയമം 2003 പ്രകാരമവും, 2005-ലെ ഇലക്ട്രിസിറ്റി സപ്ലൈകോഡ് പ്രകാരവും നിയമവിധേയവും അനുവദനീയവുമാണ്.

(ഡി) വൈദ്യുതി ബോർഡ് സ്ഥാപിച്ചുനൽകുന്ന മീറ്ററുകൾക്ക് ഉപഭോക്താക്കളിൽ നിന്നും മീറ്ററിന്റെ വില ഈടാക്കുന്നില്ല.

ഗാർഹിക ഉപഭോക്താക്കൾക്ക് പ്രീ-പെയ്ഡ് മീറ്റർ സംവിധാനം ഏർപ്പെടുത്താൻ നടപടി

158 (4221) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ഉപഭോക്താക്കൾക്കും മുൻകൂർ പണം നൽകുന്ന സംവിധാനം ബാധകമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രീ-പെയ്ഡ് മീറ്റർ സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംവിധാനത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണ്; ഇതുമൂലം വൈദ്യുതി താരിഫ് വർദ്ധിക്കാൻ സാധ്യതയുണ്ടോ ?

ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം സ്വീകരിക്കുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ട്. 12 മാസത്തെ വൈദ്യുതി ചാർജ്ജ് മുൻകൂറായി ഒടുക്കുകയാണെങ്കിൽ 4 ശതമാനവും 6 മാസത്തെ വൈദ്യുതി ചാർജ്ജ് മുൻകൂറായി ഒടുക്കുകയാണെങ്കിൽ 2 ശതമാനവും ഇളവുകൾ എല്ലാ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ട്.

(ബി) ഊർജ്ജ സംരക്ഷണ നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഘട്ടംഘട്ടമായി 3 വർഷം കൊണ്ട് പ്രീ-പെയ്ഡ് മീറ്ററിംഗ് സംവിധാനം നടപ്പിൽ വരുത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി 2010-11 വർഷത്തെ കേരള ബജറ്റിന്റെ അവതരണ വേളയിൽ പ്രസ്താവിച്ചിരുന്നു. അതിന്റെ പ്രാരംഭഘട്ടം എന്ന നിലയ്ക്ക് 75 സർക്കാർ ഓഫീസുകളിൽ (23 ജില്ലാ ട്രഷറികളുൾപ്പെടെ) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

(സി) സർക്കാർ ഓഫീസുകളിൽ ഇപ്പോൾ കണ്ടുവരുന്ന വൈദ്യുതി ദുരുപയോഗം തടയുന്നതിനും അതുവഴി ഊർജ്ജ സംരക്ഷണം ഉറപ്പാക്കുന്നതിനും പ്രസ്തുത സംവിധാനം പ്രയോജനപ്പെടും. നിലവിലുള്ള താരിഫ് സമ്പ്രദായം അനുസരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

159 (4222) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയായിരുന്നു ;

(ബി) മേൽ കുടിശ്ശിക തുകയിൽ എത്ര രൂപ പിരിച്ചെടുത്തു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നവേളയിൽ അതായത് 31-3-2006-ലെ കണക്കനുസരിച്ച് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 1477.37 കോടി രൂപ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു.

(ബി) 31-3-2006 ലെ-കണക്ക് പ്രകാരം വൈദ്യുതി ബോർഡിന് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 1477.37 കോടി രൂപ പിരിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly